ENTRI

1 Crore User Downloads

# CURRENT AFFAIRS 12 NOV 2024



ഡൽഹി ഗണേഷ്

**2024 നവംബറിൽ അന്തരിച്ച പ്രശസ്ത തമിഴ് ചലച്ചിത്ര നടൻ**

ഡൽഹി ഗണേഷ്

- കെ.ബാലചന്ദർ സംവിധാനം ചെയ്ത പട്ടണപ്രവേശം ആണ് അഭിനയിച്ച ആദ്യ സിനിമ.
- തമിഴിലും ,മലയാളത്തിലും, തെലുങ്കിലും, കന്നടയിലുമായി 400-ഓളം സിനിമകളിലും നിരവധി ടെലിവിഷൻ പരമ്പരകളിലും അഭിനയിച്ചിട്ടുണ്ട്.
- തമിഴ്നാട് സർക്കാരിന്റെ ചലച്ചിത്ര പുരസ്കാരവും കലൈമാമണി പുരസ്കാരവും അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ട്.

---



പി.ആർ. ശ്രീജേഷ്

**മികച്ച ഗോൾകീപ്പർക്കുള്ള അന്താരാഷ്ട്ര ഹോക്കി ഫെഡറേഷൻ നൽകുന്ന പുരസ്കാരത്തിന് 2024ൽ അർഹനായ മലയാളിയായ മുൻ ഇന്ത്യൻ ഹോക്കി താരം**

പി.ആർ. ശ്രീജേഷ്

- മൂന്നാം തവണയാണ് 'എഫ്ഐഎച്ച് ഗോൾകീപ്പർ ഓഫ് ദ ഇയർ' പുരസ്കാരം പി.ആർ. ശ്രീജേഷ് സ്വന്തമാക്കുന്നത്.

---



**പ്രഥമ സൂപ്പർ ലീഗ് കേരള കിരീട ജേതാക്കൾ**

കാലിക്കറ്റ് എഫ്.സി

- ഫൈനലിൽ ഫോഴ്സാ കൊച്ചിയെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് കാലിക്കറ്റ് എഫ്.സി വിജയം സ്വന്തമാക്കിയത്.
- ഫൈനലിലെയും ടൂർണമെന്റിലെയും താരമായി തിരഞ്ഞെടുക്കപ്പെട്ടത് - കെർവൻസ് ബെൽഫോർട്ട് (കാലിക്കറ്റ് എഫ്സി)

---



**രാജ്യത്തിന്റെ ജുഡീഷ്യൽ ചരിത്രം പ്രദർശിപ്പിക്കുന്ന സുപ്രീം കോടതിയിലെ നാഷണൽ ജുഡീഷ്യൽ മ്യൂസിയവും ആർക്കൈവ് സെന്ററും 2024 നവംബറിൽ ഉദ്ഘാടനം ചെയ്തത്**

ഡി.വൈ. ചന്ദ്രചൂഡ്

---




**1988ൽ ഏർപ്പെടുത്തിയ നിരോധനം ഡൽഹി ഹൈക്കോടതി നീക്കം ചെയ്തതിനെ തുടർന്ന് ഇന്ത്യയിൽ ഇറക്കുമതി ചെയ്യാൻ അനുമതി ലഭിച്ച 'സാത്താന്റെ വചനങ്ങൾ (ദ സാത്താനിക് വേഴ്സസ്) ' എന്ന നോവലിന്റെ രചയിതാവ്**

സൽമാൻ റുഷ്ദി